7. ശ്രീ. സി. കെ. നാണു

8. ശ്രീ. കെ. രാധാകൃഷ്ണൻ

9. ശ്രീ. ടി. പി. രാമകൃഷ്ണൻ

10. ശ്രീ. സാജു പോൾ

11. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

നിഷ്പക്ഷത പാലിക്കുന്നവർ---ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ:

അനുകൂലിക്കുന്നവർ---5

പ്രതികൂലിക്കുന്നവർ---11

നിഷ്പക്ഷത പാലിക്കുന്നവർ---ആരുമില്ല.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു.

(2) 2003-ലെ കേരള ഹോം നഴ്സസ് കൗൺസിൽ ബിൽ [ചർച്ച തുടർച്ച]

ശ്രീ. എം. മുരളി: സർ, ഈ ബില്ലിന്റെ ചർച്ച നേരത്തെ ഒരു ദിവസം നടന്നതാണ്. ഇവിടെ ഗവൺമെന്റ് സ്പിരിറ്റ് അംഗീകരിച്ച സാഹചര്യത്തിൽ പോളിംഗിന് പോകാതെ ഈ കഴിഞ്ഞ ബില്ലിന്റെ ഒരു താത്വിക പ്രശ്നമെന്നുള്ള നിലയിൽ ശ്രീ. സുജനപാൽ അവതരിപ്പിച്ച പ്രമേയത്തിന്മേലുള്ള ചർച്ച ഉപസംഹരിക്കുന്നതായിരുന്നു നല്ലത്. പക്ഷെ പ്രതിപക്ഷം ഒരു പോൾ ചോദിച്ചതുകൊണ്ട് എന്റെ ബില്ലിന്റെ ചർച്ചയ്ക്ക് അങ്ങനെ ഒരു പോൾ ചോദിക്കുമോയെന്ന് ഞാൻ സംശയിക്കുകയാണ്. സർ, ഞാൻ ഒരുപാട് കാര്യങ്ങൾ പറയുന്നില്ല. പന്ത്രണ്ടരയ്ക്ക് സഭ പിരിയുന്നതിനുമുൻപ് ഈ ബില്ലിന്റെ പ്രമേയം സംബന്ധിച്ച ചർച്ച ഉപസംഹരിക്കണമെന്നാണ് അവതാരകനെന്നുള്ള നിലയിൽ ഞാൻ ആഗ്രഹിക്കുന്നത്. ഇവിടെ കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ ശ്രീമതി രാധാരാഘവൻ ഉൾപ്പെടെയുള്ളവരുടെ ചോദ്യത്തിന് മറുപടിയായി കേരളത്തിലെ ഹോം നഴ്സസിന്റെ പ്രശ്നങ്ങളെക്കുറിച്ച് പറയുകയുണ്ടായി. നമ്മുടെ ഹോം നഴ്സസ് പ്രവർത്തിക്കുന്ന ഈ മേഖല കേരളത്തിന്റെ പ്രത്യേകമായ സാഹചര്യത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ നമ്മുടെ സംസ്ഥാനത്തെ സന്നദ്ധ സംഘടനകളും വ്യക്തികളും നിയോഗിക്കുന്ന ഈ ഹോം നഴ്സസ്മാരുടെ യോഗ്യത നിർണ്ണയിക്കേണ്ടതുണ്ട്. യോഗ്യത നിർണ്ണയിക്കുക മാത്രമല്ല പ്രത്യേകമായ രോഗശുശ്രൂഷയ്ക്കുള്ള, സംരക്ഷണത്തിനുള്ള പരിശീലനം അവർക്ക് കൊടുക്കാനുള്ള സംവിധാനം കേരളത്തിലുണ്ടാകണം. അവർ ഇന്ന് പലപ്പോഴും ചൂഷണം ചെയ്യപ്പെടുകയാണ്. അവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കൃത രാജ്യങ്ങളിലേതുപോലെ ആവിഷ്ക്കരിക്കാനും അവർക്ക് നിയമപരമായ പരിരക്ഷ കൊടുക്കാനും നഴ്സിംഗ് കൗൺസിൽപോലെ അവർക്ക് രജിസ്ട്രേഷൻ കൊടുക്കാനുമുള്ള ഒരു സംവിധാനം ഉണ്ടാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ഹോം നഴ്സസ് കൗൺസിൽ കേരളത്തിൽ രൂപീകരിക്കണമെന്നുള്ള നിർദ്ദേശം ഈ ബില്ലിലൂടെ മുന്നോട്ടു വയ്ക്കുന്നത്. ഇവിടെ ജെറിയാട്രിക്സ് ഒരു വൈദ്യശാസ്ത്രമാണ്; പീഡിയാട്രിക്സ് പോലെതന്നെയുള്ള ഒരു വൈദ്യ ശാസ്ത്രശാഖയാണ് ജെറിയാട്രിക്സ്.

LIBRARY ARCHIVES Kerala Legislative Assembly

അമേരിക്ക ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ, യൂറോപ്യൻ രാജ്യങ്ങളിൽ ജെറിയാട്രിക്സ് വളർന്നു വന്നിരിക്കുന്നു. വൃദ്ധന്മാരുടേയും രോഗികളുടേയും എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്ന കേരളത്തിൽ നിർഭാഗ്യവശാൽ പീഡിയാട്രിക് രംഗം വളർന്നു വരുന്നെങ്കിലും ജെറിയാട്രിക്സ് എന്ന വൈദ്യശാസ്ത്രശാഖ അൽപംപോലും വളരുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങളുടെ ഫലമായി ശരാശരി മനുഷ്യായുസ് അനുദിനം വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിക്കുകയാണ്. ആരോഗ്യ രംഗത്ത് ഒരുപാട് മുന്നേറ്റം വന്നെങ്കിലും വൃദ്ധജനങ്ങളുടെ വർദ്ധനയോടൊപ്പം രോഗികളുടേയും എണ്ണം വർദ്ധിക്കുകയാണ്; നമ്മുടെ ഗവൺമെന്റ് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും അതോടൊപ്പം സ്വകാര്യ ആശുപത്രികളിലും വരുന്ന രോഗികളുടെ കണക്കെടുത്താൽ, കിടത്തി ചികിൽസിക്കുന്നവരാകട്ടെ, ഔട്ട് പേഷ്യന്റ് സാകട്ടെ കണക്കെടുത്താൽ നമ്മൾ ലോകത്തിൽ ഏറ്റവും മുൻപന്തിയിലാണ്. വൈദ്യ ശാസ്ത്ര രംഗത്ത് നമ്മൾ നേട്ടങ്ങൾ കൊയ്തെടുത്തെങ്കിലും രോഗികളുടെ എണ്ണത്തിൽ റെക്കോർഡ് ഭേദിച്ചിരിക്കുകയാണ്. നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകളിലും, മെഡിക്കൽ കോളേജുകളിലും, റഫറൽ ആശുപത്രികളിലും സ്വകാര്യ ആശുപത്രിയിലും ഉൾപ്പെടെ വരുന്ന രോഗികളുടെ കണക്ക് എന്റെ കൈയിലുണ്ട്. അത് അൽഭുതപ്പെടുത്തുന്നതാണ്. നമ്മുടെ ആരോഗ്യ രംഗത്തെ നേട്ടങ്ങളെ കവച്ചുവയ്ക്കുന്ന രോഗികളുടെ അംഗസംഖ്യ ഭീതിപ്പെടുത്തുന്നതാണ്. പ്രവാസികളാണ് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതലുള്ളത്. വിദേശ രാജ്യങ്ങളിലും ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളിലും ജോലിക്കു പോകുന്നവർ നമ്മുടെ സംസ്ഥാനത്തുണ്ട്. വാർദ്ധക്യത്തിൽ എത്തുന്നവരുടെ മക്കളും കൊച്ചുമക്കളും പുറത്താണ്. ജന്മനാട്ടിൽ അവരെ സംരക്ഷിക്കാൻ ആളില്ല. പണ്ടത്തെ കൂട്ടുകുടുംബം തകർന്നുതരിപ്പണമായി, ഇപ്പോൾ അണുകുടുംബമായി. വാർദ്ധക്യത്തിന്റെ നിസ്സഹായതയിൽ ജീവിതസായാഹ്നത്തിലെത്തുന്നവരെ സഹായിക്കാൻ ബന്ധുജനങ്ങളില്ല, മക്കളും കൊച്ചുമക്കളുമില്ല, ആരുമില്ല. അവിടെയാണ് ഹോം നഴ്സസ് പ്രസ്ഥാനത്തിന്റെ പ്രാധാന്യം കേരളത്തിൽ വളർന്നു വരുന്നത്. ശരാശരി മനുഷ്യായുസിന്റെ വർദ്ധനവും രോഗങ്ങളുടെ വർദ്ധനവും നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകമായ പശ്ചാത്തലത്തിൽ വൃദ്ധജനങ്ങളെ സംരക്ഷിക്കാൻ അവരുടെ ബന്ധുജനങ്ങൾക്ക് കഴിയാതെ പോകുന്ന സാഹചര്യത്തിൽ വിദേശ രാജ്യങ്ങളിലും അന്യനാട്ടിലും മക്കളെ അഭയം തേടേണ്ടിവരുന്ന മാതാപിതാക്കളുടെ നിസ്സഹായാവസ്ഥ, ഇതെല്ലാം പരിഗണിച്ചുകൊണ്ട് മറ്റ് രാജ്യങ്ങളിലെപോലെ ഹോം നഴ്സിംഗ് രംഗം കേരളത്തിലും അറിഞ്ഞും അറിയാതെയും വിപുലമായിക്കൊണ്ടിരിക്കുകയാണ്. അന്തർദേശീയ സംഘടനയായ റെഡ് ക്രോസ് ഉൾപ്പെടെയുള്ള സംഘടനകൾ കേരളത്തിൽ ഹോം നഴ്സുമാരെ പരിശീലിപ്പിക്കുന്നുണ്ട്. കേരളത്തിലെ ആയിരക്കണക്കിന് ഭവനങ്ങളിലെ വൃദ്ധജനങ്ങളെ പരിപാലിക്കുന്നതിനും രോഗികളെ ശുശ്രൂഷിക്കുന്നതിനുമായി ഹോം നഴ്സുമാരെ നിയമിക്കുന്നു. ഈ രംഗത്ത് ഒരുപാട് സ്വകാര്യ ഏജൻസികൾ കടന്നുവന്നിട്ടുണ്ട്. ഈ ഏജൻസികൾ ഹോം നഴ്സുമാരെ ഒരർത്ഥത്തിൽ ചൂഷണം ചെയ്യുകയാണ്. ഹോം നഴ്സുമാരെക്കുറിച്ച് കുറേ പരാതികളും ഉയർന്നു വന്നിട്ടുണ്ട്. അതുകൊണ്ട് അവരുടെ രജിസ്ട്രേഷൻ സൂക്ഷിക്കുകയും പോലീസ് സ്റ്റേഷനിൽ അറിയിക്കുകയും വേണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ വച്ചുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെന്റിന്റെ നിലപാട് വ്യക്തമാക്കി. അതിനുള്ള ഉത്തരവ് ദക്ഷിണമേഖലാ ഐ.ജി. കൊടുത്തു എന്ന് പ്രഖ്യാപിക്കുകയുണ്ടായി. അവരെ ചൂഷണം ചെയ്യാൻ ഇടവരരുത്. വാർദ്ധക്യത്തിൽ എത്തിയവരെ സംരക്ഷിക്കാൻ കടന്നുവരുമ്പോൾ കുറ്റകൃത്യങ്ങൾക്ക് അവരും പ്രേരിതരാകരുത്. ഈ പ്രസ്ഥാനത്തെ നിയമപരമാക്കണം. അമേരിക്കൻ ഐക്യനാടുകൾ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ ഹോം നഴ്സസ് പ്രസ്ഥാനം ഇന്ന് ജെറിയാട്രിക്സിന്റെ ഭാഗമായിത്തന്നെ വൈദ്യശാസ്ത്ര ശാഖയായി മാറിയിട്ടുള്ളതുകൊണ്ട് ഈ രംഗത്തെ കള്ള നാണയങ്ങളെ തിരിച്ചറിയാനും ഏറ്റവും മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനും നമ്മുടെ സാമൂഹ്യ സാഹചര്യത്തിൽ ഗവണ്മെന്റു തന്നെ മുൻകൈ എടുക്കണം. ഹോം നഴ്സുമാർക്ക് രജിസ്ട്രേഷൻ വേണം. റെഡ്ക്രോസ്, സ്വകാര്യസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ അവർക്ക് നിയമപരമായ പ്രാബല്യം വേണം രണ്ടാമത്തെ കാര്യം അവരുടെ യോഗ്യത നിർണ്ണയിക്കണം. യോഗ്യതയ്ക്ക് ഒത്ത പരിശീലനം, വൃദ്ധജനപരിപാലനം ഉൾപ്പെടെ., രോഗശുശ്രൂഷയ്ക്ക് ഉൾപ്പെടെയുള്ള പരിശീലനം കൊടുക്കാനുള്ള സ്ഥാപനങ്ങൾ കേരളത്തിൽ ഉണ്ടാകണം. പരിചയസമ്പന്നരല്ലാത്തവർ ഈ രംഗത്ത് കടന്നുവരാൻ പാടില്ല. ഹോം നഴ്സുമാരുടെ പരിശീലനം ഉറപ്പുവരുത്തി അതിനുള്ള സ്ഥാപനങ്ങൾ ഗവണ്മെന്റ് മേഖലയിലും സ്വകാര്യ മേഖലയിലും ആരംഭിക്കാനും അവർക്ക് ശാസ്ത്രീയമായ ഡിപ്ലോമാ കോഴ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകളും മറ്റ് രാജ്യങ്ങളിൽ നടത്തുന്നതു പോലെ ഇവിടെയും നടത്തണം. മറ്റു രാജ്യങ്ങളിലെ സമ്പ്രദായങ്ങൾ നമുക്ക് സ്വീകരിക്കാം. അതിനുള്ള സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടാകണം. രജിസ്ട്രേഷൻ നിർബന്ധമാക്കണം. ചൂഷണത്തിന് അവരും വിധേയരാകാതിരിക്കാൻ നിയമപ്രാബല്യം കൊടുക്കാൻ നഴ്സിംഗ് കൗൺസിൽപോലെ ഹോം നഴ്സിംഗ് കൗൺസിൽ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകണം. അവരുടെ സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്താനുള്ള സംവിധാനം ഇനി കേരളത്തിൽ ഉണ്ടായേ മതിയാകൂ. ആ കാര്യങ്ങളെ സംബന്ധിച്ച് ഗവണ്മെന്റ് ചിന്തിക്കണം. ഈ സഭയും ജനങ്ങളും ഇതറിയണം. ഞാൻ ഇവിടെ അവതരിപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, നമ്മുടെ സംസ്ഥാനത്ത് ചില പുതിയ പ്രവണതകൾ വരുന്നുണ്ട്. അതിലേയ്ക്ക് അദ്ദേഹം വിരൽ ചൂണ്ടുകയും ചെയ്തു. നമ്മുടെ നാട്ടിൽ വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കൻമാരെ മാത്രം വീട്ടിലാക്കി മക്കളെല്ലാം ജോലി സ്ഥലത്താണ്. സത്യം പറഞ്ഞാൽ, സമൂഹം ശ്രദ്ധിക്കേണ്ട വളരെ തീവ്രമായ ഈ സാമൂഹ്യ പ്രശ്നം നമ്മുടെ സംസ്ഥാനത്തുണ്ട്. മക്കളില്ലാത്ത വീടുകളിലെ മക്കളെന്ന നിലയിലാണ് ഹോം നഴ്സുമാർ വീടുകളിലെല്ലാം പരിചരണം നടത്തുന്നത്. അവരുടെ ക്വാളിറ്റി വർദ്ധിപ്പിക്കണം. ഹോം നഴ്സിംഗ് എന്നുള്ള രൂപത്തിൽ ചില സന്നദ്ധ സംഘടനകൾ നിലനിൽക്കുന്നുണ്ട്. അവർക്കാവശ്യമായ പരിശീലനം കൊടുക്കുന്നതിനുള്ള സംവിധാനം വേണം. ഹോം നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനും ശരിയായ പരിശീലനം നൽകുന്നതിനുമുള്ള ലക്ഷ്യമിട്ട് ഇത് വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. പ്രധാനമായും ഇതിന്റെ നിയമവശം പഠനവിഷയമാക്കേണ്ടതാണ്. ഇതിന്റെ സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കിയിട്ടില്ല. വിവിധ ഏജൻസികൾ ഇപ്പോൾ നൽകികൊണ്ടിരിക്കുന്ന ഹോം നഴ്സുമാരുടെ സേവനം നിയമംമൂലം നിയന്ത്രിക്കുന്നതിന് വിശദമായ പഠനവും ചർച്ചയും ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സേവന വേതന വ്യവസ്ഥകളെല്ലാമുള്ള നഴ്സുമാരുടെ കൂട്ടത്തിൽ പുരുഷൻമാരും ജോലി ചെയ്യുന്നുണ്ട്. എന്നാൽ ഹോം നഴ്സുമാരുടെ കൂട്ടത്തിൽ പുരുഷൻമാർ കടന്നു വരാത്തതിന്റെ കാരണമെന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഹോം നഴ്സുമാരെ നിയമിക്കുന്നത് വീടുകളിലെ ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ്. എക്സപ്ഷണൽ കേസിൽ ഹോം നഴ്സുമാരായി ചിലയിടങ്ങളിൽ പുരുഷൻമാരും ജോലി നോക്കുന്നുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ കഴിയും. ടീച്ചർ പറഞ്ഞത് ശരിയാണ്. പൊതുവായി വന്നിട്ടില്ല. കാരണം പരിചരിക്കാനും ബുദ്ധിമുട്ടുകളും പ്രയാസങ്ങളും കണ്ടറിയാനും വൃദ്ധ ദമ്പതിമാരുടെ വിശ്വാസം ആർജ്ജിക്കാനും കഴിയുന്നതിനാൽ സ്ത്രീകളായിട്ടുള്ള ഹോം നഴ്സുമാർക്കാണ് ഈ രംഗത്ത് കൂടുതൽ പ്രാധാന്യം വരുന്നത്. പുരുഷൻമാർ ഇല്ലാത്തതുകൊണ്ടല്ല. പുരുഷൻമാരെക്കാർ കൂടുതൽ സാദ്ധ്യത ഇവർക്കുണ്ടാകുന്നു എന്നുള്ളതുകൊണ്ടാണ്. അതുകൊണ്ട് ഇവർക്ക് നിയമത്തിന്റെ പരിരക്ഷ കൊടുക്കണം. മാത്രമല്ല ഹോം നഴ്സസിനും ചില വിഷമങ്ങൾ ഉണ്ടാകുന്നുണ്ട്. ഈ സമൂഹത്തിൽ പല വിധത്തിലുള്ള പരാതികൾ വരുന്നുണ്ട്. നിയമത്തിന്റെ പരിരക്ഷ ഇവർക്കാവശ്യമാണ്. കുടുംബാംഗത്തെപോലെ മക്കളെപ്പോലെ അവരെ പരിചരിക്കുന്നതിന് അവർക്കും വിശ്വാസം ഉണ്ടാകണം. ഇവർക്കും പ്രൊട്ടക്ഷൻ ഉണ്ടാകണം. ഇത് രണ്ടും ഒരുപോലെ നീങ്ങത്തക്കവിധത്തിലുള്ള സാഹചര്യം ഉണ്ടാകണം എന്നുള്ളതാണ് ഗവണ്മെന്റിന്റെ സ്റ്റാൻഡ്. നേരത്തെ സൂചിപ്പിച്ച രണ്ടുമൂന്ന് കാര്യങ്ങളെക്കുറിച്ചുകൂടി ഗവണ്മെന്റിന് ആലോചിക്കേണ്ടിവരുന്നു എന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട അംഗം പ്രസ്സ് ചെയ്യരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ഡെ. സ്പീക്കർ : പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. മുരളി : ഞാൻ പ്രസ്സ് ചെയ്യുന്നില്ല. സമയബന്ധിതമായി ഒരു സംവിധാനം ഉണ്ടാക്കാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അദ്ദേഹത്തിന്റെ താൽപര്യം പരിരക്ഷിക്കുന്നതോടൊപ്പം അതിന്റെ സ്പിരിറ്റ് ഗവണ്മെന്റ് പൂർണ്ണമായും ഉൾക്കൊള്ളുന്നു. അതനുസരിച്ച് ഗവണ്മെന്റിന് ചെയ്യാൻ കഴിയുന്ന രൂപത്തിൽ മുന്നോട്ടു പോകുന്നതാണ്.

മി. ഡെ. സ്പീക്കർ : സഭയുടെ അനുമതിയോടെ പ്രമേയം പിൻവലിച്ചിരിക്കുന്നു. സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് ഒൻപതാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 മാർച്ചുമാസം ഒൻപതാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly